# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ /ഇ.കെ.എം.പി.7/1918/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/06/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ /ഇ.കെ.എം.പി.7/1918/2021 തീയ്യതി: 13/06/2022

## എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 07-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷാജിമോൻ കെ.എ | ഡെപ്യൂട്ടി ഡയറക്ടർ | 08-12-2021 | 21-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-12-2021 | 21-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി റസിയബീവി ജെ, ഓഡിറ്റ് ഓഫീസർ
ശ്രീ ഷൈജു മാത്യു, ഓഡിറ്റ് ഓഫീസർ
ശ്രീ റഷീദ് സി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്വപ്ന വി, ഓഡിറ്റർ
ശ്രീ മുഹമ്മദ് ഷാഫി വി എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നിർമല മോഹനൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. സജയ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ശ്രീ.അനിൽകുമാർ കെ | സെക്രട്ടറി | 25-04-2019 | 13-10-2019 |
| ശ്രീമതി.സജയ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-10-2019 | 27-10-2019 |
| ശ്രീ.അനിൽകുമാർ കെ | സെക്രട്ടറി | 28-10-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം എൻ രാജേന്ദ്രൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ ദിനേഷ് റ്റി എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.മാത്യൂ എം ജോസഫ് | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി.) | 01-04-2019 | 31-03-2020 |
| ഡോ.സോളമൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.മെർലിൻ മാത്യൂ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.പി അലിയാർ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ലൈല കെ എച്ച് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 15-01-2020 |
| ശ്രീമതി.സീന പി സി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 16-01-2020 | 31-03-2020 |
| ശ്രീ ഷിജോ തങ്കപ്പൻ | വി ഇ ഒ വാരപ്പെട്ടി | 01-04-2019 | 21-05-2019 |
| ശ്രീ ബേസിൽ റ്റി എൽദോസ് | വി ഇ ഒ വാരപ്പെട്ടി | 22-05-2019 | 31-03-2020 |
| ശ്രീ ഷിജോ തങ്കപ്പൻ | വി ഇ ഒ കോഴിപ്പിള്ളി | 01-04-2019 | 21-05-2019 |
| ശ്രീ ബേസിൽ റ്റി എൽദോസ് | വി ഇ ഒ കോഴിപ്പിള്ളി | 22-05-2019 | 31-03-2020 |
| ഡോ.ഷീന ആനി തോമസ് | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2019 | 31-08-2019 |
| ഒഴിവ് | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-09-2019 | 02-11-2019 |
| ഡോ.സജി ജോൺ | മെഡിക്കൽ ഓഫീസർ, | 03-11-2019 | 31-03-2020 |

| | | | |
|---|---|---|---|
| | (ഹോമിയോ) | | |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 02-06-2019 |
| ശ്രീമതി കല്യാണി സജിത്ത് | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-06-2019 | 31-07-2019 |
| ശ്രീമതി എലിസബത്ത് സി ജോർജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-08-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Muhammed Shafi V M (Auditor, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 1-2 |
| 3 | വാർഷീക ധനകാര്യപത്രികയിലെ അപാകങ്ങൾ<br>Written By: Shaiju Mathew (Audit Officer, On 31-03-2022)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Shaiju Mathew (Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 08-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Muhammed Shafi V M (Auditor, On 17-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം.<br>Written By: Muhammed Shafi V M (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 08-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ സംബന്ധിച്ച്<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 1-10 |
| 12 | ഗ്രാമസഭ<br>Written By: Ressiya Beevi J (Audit Officer, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 1-11 |
| 13 | മരാമത്ത് പ്രവർത്തി അപാകങ്ങൾ<br>Written By: Shaiju Mathew (Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 08-06-2022) | 1-12 |
| 14 | സംഗമം കവല - ലിഫ്റ്റ് ഇറിഗേഷൻ റോഡ് പ്രവർത്തി അപാകങ്ങൾ<br>Written By: Shaiju Mathew (Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 08-06-2022) | 1-13 |
| 15 | ദുരിതാശ്വാസ നിധി<br>Written By: Ressiya Beevi J (Audit Officer, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 1-14 |
| 16 | പകൽവീട് കെയർടേക്കറുടെ വേതനം – തനത് ഫണ്ടിലേക്ക് റീ ഫണ്ട് ചെയ്തിട്ടില്ല.<br>Written By: Ressiya Beevi J (Audit Officer, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 1-15 |
| 17 | കിണർ നിർമ്മാണം - പെർമിറ്റ് എടുക്കുന്നില്ല | 1-16 |

| | | |
|---|---|---|
| | Written By: C.M.Rasheed (Asst. Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | |
| 18 | തൊഴിൽ നികുതി -കൃത്യമായ രീതിയിൽ ഡിമാന്റ് ചെയ്യപ്പെടുന്നില്ല<br>Written By: Muhammed Shafi V M (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 1-17 |
| 19 | വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം - പദ്ധതി നിർവഹണത്തിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 20-12-2021)<br>Last Updated By: Sheheer (Senior Grade Auditor, On 07-06-2022) | 1-18 |
| 20 | ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്കായി ലഭ്യമായിട്ടില്ല.<br>Written By: Swapna.V (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 1-19 |
| 21 | ഓഡിറ്റ് ഇംപാക്ട്<br>Written By: Muhammed Shafi V M (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 1-20 |
| 22 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: Muhammed Shafi V M (Auditor, On 03-06-2022)<br>Last Updated By: Joby George (Computer Assistant, On 08-06-2022) | 1-21 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| 1 | വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം- പദ്ധതി നിർവഹണത്തിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 05-03-2022)<br>Last Updated By: Sheheer (Senior Grade Auditor, On 07-06-2022) | 3-1 |
| | ഭാഗം 4 | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaiju Mathew (Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികൾ<br>Written By: Ressiya Beevi J (Audit Officer, On 05-03-2022)<br>Last Updated By: Joby George (Computer Assistant, On 04-06-2022) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Muhammed Shafi V M (Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 08-06-2022) | 4-10 |
| 11 | തീർപ്പാക്കുന്നതിന് അവശേഷിക്കുന്ന ഖണ്ഡികകൾ<br>Written By: Ressiya Beevi J (Audit Officer, On 05-03-2022)<br>Last Updated By: Joby George (Computer Assistant, On 08-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 25.02.2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 15.02.2020 ലെ 4(1) തീരുമാന പ്രകാരവും ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | 2019-2020 പുതുക്കിയ ബജറ്റ് പ്രകാരം | 2019-2020 വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| പ്രാരംഭ ബാക്കി | 2430195 | 2430195 |
| വരവ് | 87042641 | 84531641 |
| ആകെ | 89472836 | 86961836 |
| ചെലവ് | 87927937 | 85138937 |
| നീക്കിയിരുപ്പ് | 1544899 | 1822899 |

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ സർക്കാർ ഉത്തരവ് നം.(ആർ.ടി.)3291/2016/തസ്വഭവ തി.2.12.2016 അംഗീകരിച്ച തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കുള്ള ബജറ്റ് മാനുവലിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള പെർഫോമൻസ് ബജറ്റ്, ജെൻഡർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 14.05.2020 |

### 1-2-1 വാർഷീക ധനകാര്യപത്രികയിലെ അപാകങ്ങൾ

1)സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

2)വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62

3)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾക്കും, GO(P) 152/2011/LSGD തീയതി. 26/07/2011 നമ്പർ സർക്കാർ ഉത്തരവ് മുഖേന നിലവിൽ വന്ന അക്കൗണ്ടിംഗ് പോളിസിയിലെ മാനദണ്ഡങ്ങൾക്കും വിരുദ്ധമായി വികസന ഫണ്ട് ഉൾപ്പെടെയുള്ള സ്പെഷ്യൽ പർപ്പസ് ഫണ്ടുകൾ മൂലധന ആസ്തി നിർമ്മാണത്തിനായി ഉപയോഗിക്കപ്പെടുകയാണെങ്കിൽ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റേണ്ടതാണ്. ഇവിടെ ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9643721 |
| വരവ് | 50772551 |
| ആകെ | 60416272 |
| ചെലവ് | 49674132 |
| നീക്കിയിരിപ്പ് | 10742140 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | 10500 |

| | |
|---|---|
| തടസ്സപ്പെടുത്തിയ തുക | ഇല്ല |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി ബാക്കി/ ലാപ്സായ തുക | ജി.ഒ പ്രൊജക്ട് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9915362 | 9915362 | 7124774 | 2790588 | 1452638 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 2550647 | 2550647 | 1488417 | 1062230 | 132353 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6769669 | 6769669 | 4492891 | 2276778 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 10018000 | 10018000 | 3475714 | 6542286 | 0 |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 0 | 3251000 | 3251000 | 972549 | 2278451 | 0 |
| ടി.എസ്.പി | 0 | 74100 | 74100 | | 74100 | 0 |
| എം.എൻ.ആർ.ജി.എസ് | 2328 | 601647 | 603975 | 595823 | 0 | 8152 |
| ഐ.സി.ഡി.എസ് | 111758 | 670882 | 782640 | 761336 | 0 | 21304 |
| കോരളോൽസവം | 8700 | 20000 | 28700 | 20000 | 0 | 8700 |
| ലൈഫ് ഹൗസിംഗ് -സ്റ്റേറ്റ് ഷയർ | 0 | 4662027 | 4662027 | 3376095 | | 1285932 |
| ആശ്രയ | 384673 | 1207028 | 1591701 | 1279924 | 0 | 311777 |
| ഗുണഭോക്തൃവിഹിതം | 15692 | 471976 | 487668 | 352276 | 0 | 135392 |
| ഖരമാലിന്യ സംസ്കരണം | 504424 | 0 | 0 | 491000 | | 13424 |
| സാക്ഷരത | 13119 | 452 | 13571 | 0 | 0 | 13571 |
| സ്റ്റേഡിയം ഫോർ പ്ലേ ഗ്രൗണ്ട്സ് | 650 | 0 | 650 | 0 | 0 | 650 |
| ടോട്ടൽ സാനിട്ടേഷൻ | 143600 | 0 | 143600 | 0 | 0 | 143600 |
| ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ | 20290 | 0 | 20290 | 0 | 0 | 19974 |
| നിർമ്മൽ പുരസ്കാരം | 36988 | 0 | 36988 | 0 | 0 | 36988 |

.

ഉറവിടത്തിൽനിന്നും കുറവ് ചെയ്ത വരവിനങ്ങൾ.

| ഫണ്ടിനം | കുറവ് ചെയ്ത തുക | പ്രൊജക്ട് വിവരങ്ങൾ |
|---|---|---|
| വികസനഫണ്ട്(ജനറൽ) | 1452638രൂപ | 171/20 (വാട്ടർ അതോരിറ്റിക്കുള്ള കുടിശ്ശിക) 337952രൂപ |

| | | |
|---|---|---|
| | | 172/20(കെ.എസ്.ഇ.ബി കുള്ള കുടിശ്ശിക) 215രൂപ 173/20(ലൈഫ് ഭവനപദ്ധതി വായ്പ തിരിച്ചടവ്)338235രൂപ 188/20 (ലൈഫ് ഭവനപദ്ധതി വായ്പ തിരിച്ചടവ്)338236രൂപ 190/20(അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം)139423രൂപ 215/20 (അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം)298577 രൂപ. |
| വികസനഫണ്ട്(എസ്.സി.പി) | 132353 രൂപ | 174/20(ലൈഫ് ഭവനപദ്ധതി വായ്പ തിരിച്ചടവ്-എസ്.സി)66176രൂപ 189/20(ലൈഫ് ഭവനപദ്ധതി വായ്പ തിരിച്ചടവ്-എസ്.സി)66177രൂപ |

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ ചെലവുതുകകൾ.

| ഫണ്ടിനം | തുക |
|---|---|
| സെന്ട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 4204003രൂപ |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 761497രൂപ |
| മെയിന്റൻസ് ഗ്രാന്റ് (നോൺ റോഡ്) | 149917രൂപ |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | 34162000 | 108 | 19139336 | 0 | 74 | 59.3% |

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2328 | 600195 | 602523 | 594371 | 8152 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 8874173 | 8874173 | 8874173 | 0 |
| ആകെ | 2328 | 9474368 | 9476696 | 9468544 | 8152 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 70440 | 45 |
| കർഷകതൊഴിലാളി പെൻഷൻ | 1734000 | 261 |
| വിധവാപെൻഷൻ | 3408600 | 574 |
| വാർദ്ധക്യ കാലപെൻഷൻ | 6101100 | 1034 |
| വികലാംഗപെൻഷൻ | 1155700 | 195 |
| വിവാഹ ധനസഹായം | 60000 | 2 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 134400 | 25 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.12.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14061/- രൂപ ക്യാഷ്

ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല. 2015-16 മുതലുള്ള ഡെപ്പോസിറ്റ് തുകകളുടെ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തിരികെ നൽകിയ തുകകളുടേയും റീഫണ്ട് ചെയ്തതിന്റേയും വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

5.വൗച്ചറുകൾ മാസം അടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവ നഷ്ടപ്പെടാൻ സാധ്യതയുള്ള രൂപത്തിൽ അലക്ഷ്യമായാണ് സൂക്ഷിച്ചിട്ടുള്ളത്.

6)മോണിട്ടറിങ്ങ്
വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

.

## 1-10 മറ്റ് ഓഡിറ്റുകൾ സംബന്ധിച്ച്

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.10.2021-28.10.2021 | 8/2021,9/2021 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.2.2016 - 22.2.2016 | 2010-11 മുതൽ 2014-15 വരെ | 2-7-2014 |

## 1-11 ഗ്രാമസഭ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) അനുസരിച്ച് ഗ്രാമസഭ കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. പഞ്ചായത്തിൽ ഗ്രാമസഭ കൃത്യമായി യോഗം ചേരുന്നുണ്ട്. വകുപ്പ് 3, ഉപവകുപ്പ് 3 എ യിൽ ഗ്രാമസഭയുടെ അധികാരങ്ങൾ, ചുമതലകൾ, അവകാശങ്ങൾ എന്നിവയെപ്പറ്റിയും 3 ബിയിൽ ഉത്തരവാദിത്തങ്ങളെപ്പറ്റിയും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമസഭകളിൽ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ മാത്രമാണ് പ്രധാനമായും നടന്നുപോരുന്നത്. പദ്ധതികളുടെ നടത്തിപ്പ് സംബന്ധമായ ചർച്ചകളോ വിലയിരുത്തലുകളോ നടക്കുന്നില്ല. ചട്ടപ്രകാരം ഗ്രാമസഭ കൂടുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്.

## 1-12 മരാമത്ത് പ്രവർത്തി അപാകങ്ങൾ

1) ഭൂരിപക്ഷം പ്രവർത്തികൾക്കും ടെൻഡർ ലഭിച്ചില്ല

2019-20 വർഷത്തിൽ 101 മരാമത്ത് പ്രവർത്തികൾ ടെൻഡർ ചെയ്തിട്ടുണ്ട്. എന്നാൽ ഇവയിൽ 59 പ്രവർത്തികൾക്ക് മാത്രമാണ് ടെൻഡറുകൾ ലഭിച്ചിട്ടുള്ളത്. ഇങ്ങനെ ടെൻഡർ ലഭിച്ച പ്രവർത്തികളിൽ തൻവർഷം പൂർത്തീകരിച്ചതായി കാണുന്നത് 24 എണ്ണം മാത്രമാണ്. 19 സ്പിൽ ഓവർ പ്രവർത്തികൾ ഉൾപ്പെടെ ആകെ 43പ്രവർത്തികൾ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ചിട്ടുള്ളത്. കരാറുകാർ ടെൻഡർ ബഹിഷ്കരിച്ചത് കാരണമാണ് ഇത്രയധികം പ്രവർത്തികൾക്ക് ടെൻഡർ ലഭിക്കാതെ പോയതെന്ന് ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയെങ്കിലും ടെൻഡർ ബഹിഷ്കരണത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

ടെൻഡർ നടപടികൾ മരാമത്ത് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന വിധം നടത്തുകയും രേഖകൾ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടെൻഡർ പ്രക്രിയയിൽ കരാറുകാരുടെ സജീവമായ മത്സരാധിഷ്ഠിത സാന്നിദ്ധ്യം ഉണ്ടായിട്ടില്ല. 2019-20 ൽ നടപ്പിലായ പ്രവർത്തികളിൽ ഭൂരിഭാഗം പ്രവർത്തികളിലും രണ്ട് കരാറുകാർ മാത്രം പങ്കെടുക്കുകയും എസ്റ്റിമേറ്റ് നിരക്കിൽ മാത്രം പ്രവർത്തികൾ നൽകപ്പെടുകയുമാണുണ്ടായത്.

2) സുതാര്യമല്ലാത്ത വിധത്തിൽ മരാമത്ത് പ്രവർത്തികൾ നൽകുന്നു.

ടെൻഡർ രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം താഴെ പറയുന്ന പ്രവർത്തികൾക്ക് ടെൻഡറുകളൊന്നും ലഭ്യമായിട്ടില്ലയെങ്കിലും പ്രവർത്തി നടന്നതായി കാണുന്നു.

എ) വട്ടക്കുഴി-കോലോത്ത് കടവ് റോഡ് കോൺക്രീറ്റിംഗ് (പ്രൊജക്ട് നം.196/20)

കരാറുകാരന്റെ പേര്: അനിൽകുമാർ സി.ആർ.

ചെലവഴിച്ച തുക: 146942രൂപ (എസ്റ്റിമേറ്റ് നിരക്ക്)

ബി)ഇല്ലത്ത് കടവ് പാലം – കടിഞ്ഞുമ്മേൽ പടി ക്രഷർ റോഡ് (പ്രൊജക്ട് നം.205/20)

കരാറുകാരന്റെ പേര്: അനിൽകുമാർ സി.ആർ.

ചെലവഴിച്ച തുക:149685/-രൂപ.

റീ ടെൻഡർ നടത്തിയതിന് ശേഷവും കരാറുകാർ പ്രവർത്തി ഏറ്റെടുക്കാത്തതിനാൽ ക്വട്ടേഷൻ മുഖേന പ്രവർത്തി കരാറുകാരെ ഏല്പിക്കുകയാണ് ചെയ്യുകയുണ്ടായതെന്ന് അസി.എഞ്ചിനീയർ അറിയിക്കുകയുണ്ടായി. എന്നാൽ ക്വട്ടേഷൻ രേഖകൾ യാതൊന്നും ഫയലിൽ ലഭ്യമായിട്ടില്ല. പ്രവർത്തികൾ കരാറുകാർക്ക് നൽകുന്നത് സുതര്യമായ നടപടിക്രമങ്ങളിലൂടെയാണെന്ന് ഉറപ്പാക്കേണ്ടതാണ്.

3)ടെൻഡർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽനിന്നും ആവശ്യമായ സമയങ്ങളിൽ ടെൻഡർ ഫോറങ്ങൾ എഞ്ചിനീയറിംഗ് സെക്ഷനിലേക്ക് നല്കി അവിടെനിന്നുമാണ് കരാറുകാർക്ക് അവ നൽകുന്നത്. എന്നാൽ ഇവയുടെ സ്റ്റോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്ത് ഓഫീസിലോ, എഞ്ചിനീയറിംഗ് സെക്ഷനിലോ സൂക്ഷിക്കുന്നില്ല. പണം ഈടാക്കി നല്കുന്ന ഇത്തരം ഫോറങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇക്കാര്യത്തിലേക്ക് ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

4)ഇ ടെൻഡർ ഫീ ലഭ്യമായിട്ടില്ല.

സർക്കുലർ നം.DB1/7942/2010/CE/LSGD Dt.27.11.2019 പ്രകാരം ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും ടെൻഡർ ഫീ നാളിതുവരെ ലഭ്യമായിട്ടില്ല. തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കുകയുണ്ടായി. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 സംഗമം കവല - ലിഫ്റ്റ് ഇറിഗേഷൻ റോഡ് പ്രവർത്തി അപാകങ്ങൾ

പ്രൊജക്ട് നം.182/20

ചെലവ് :121204 രൂപ.(ബിൽ നം.13/21)

മുകളിൽ സൂചിപ്പിച്ച പ്രവർത്തികളിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെടുകയുണ്ടായി.

1)ടെൻഡർ നടപടികളിലെ വൈരുദ്ധ്യം.

2019-20 വർഷത്തെ ടെൻഡർ രജിസ്റ്റർ പേജ് നം.19 ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവർത്തി 13.11.2019 ന് ടെൻഡർ ചെയ്യപ്പെടുകയും 18.3% കുറവിൽ ശ്രീ.സുബൈർ എൻ.എ. എന്ന കരാറുകാരൻ ടെൻഡർ ലഭ്യമാക്കിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവർത്തിയുടെ ഫയലിൽ കരാർ ഉടമ്പടി ചമച്ചിരിക്കുന്നതും പ്രവർത്തി നടപ്പിലാക്കിയതായും കാണുന്നത് ടെൻഡർ സമർപ്പിച്ചിട്ടില്ലാത്ത ശ്രീ.ശശിധരൻ പി.എം. എന്ന കരാറുകാരന്റെ പേരിലാണ്.

2)ടെൻഡർ രജിസ്റ്റർ പ്രകാരം പ്രവർത്തിയുടെ എസ്റ്റിമേറ്റ് രേഖപ്പെടുത്തിയിരിക്കുന്നത് 1,50,000/- രൂപയാണ്. ലഭ്യമാക്കിയിരിക്കുന്ന വിശദമായ എസ്റ്റിമേറ്റ് പ്രകാരം തുക 3,00,000/- രൂപയാണ്. എന്നാൽ ശ്രീ.സുബൈറുമായി ചമച്ചിരിക്കുന്ന കരാർ ഉടമ്പടിയിൽ (നം.70/AE/LSGD/19-20 തി.16.3.2020) കരാർ തുകയായി കാണിച്ചിരിക്കുന്നത് 100000/- രൂപ മാത്രമാണ്.

3) 120616 രൂപ ഈ പ്രവർത്തിക്ക് പാർട്ട് ബിൽ ഇനത്തിൽ നൽകിയിട്ടുണ്ട്. (അളവ് പുസ്തകം നം.376/2021) ഇത് പ്രകാരം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന പ്രധാന ഇനമായ റോഡ് കോൺക്രീറ്റിംഗ് നടത്തിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ആദ്യം ഈ പ്രവർത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയത് 150000 രൂപക്കായിരുന്നുവെന്നും എന്നാൽ തുക അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് 300000 രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുകയും തുടർ നടപടികൾക്ക് ശേഷം പ്രവർത്തി ആരംഭിക്കുകയുമാണ് ചെയ്തതെന്ന് വ്യക്തമാക്കി. തുടർന്ന് പ്രവർത്തി ആരംഭിച്ച് പാർട്ട് ബിൽ നൽകിയെങ്കിലും റോഡിന്റെ മുഴുവൻ ഭാഗവും കോൺക്രീറ്റ് ചെയ്യണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടുവെന്നും എന്നാൽ തുക അപര്യാപ്തമായതിനാൽ പ്രവർത്തി മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിക്കാതെ തടസ്സപ്പെട്ടിരിക്കുകയാണെന്നും അറിയിക്കുകയുണ്ടായി. പ്രവർത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ടെൻഡർ ലഭിച്ച കരാറുകാരനിൽനിന്നും വ്യത്യസ്തമായി മറ്റൊരു കരാറുകാരന്റെ പേരിൽ കരാർ ഉടമ്പടി ചമക്കുന്നതിനുണ്ടായ കാരണവും കരാർ ഉടമ്പടിയിലെ തുകയിലെ വ്യത്യാസവും മറുപടിയിൽ വിശദീകരിക്കപ്പെട്ടിട്ടില്ല. 300000 രൂപയിലേക്ക് എസ്റ്റിമേറ്റ് ഉയർത്തിയപ്പോൾ വീണ്ടും ടെൻഡർ നടത്തി പുതിയ കരാറുകാരന് പ്രവർത്തി നൽകുകയാണുണ്ടായതെങ്കിൽ ടെൻഡർ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-14 ദുരിതാശ്വാസ നിധി

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ആയത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ അത്തരത്തിലൊരു ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്.

പ്രസ്തുത അക്കൗണ്ടിലെ വരവ് ചെലവ് കണക്കുകൾ താഴെച്ചേർക്കുന്നു.

| മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 12767 | 40082 | 52849 | 40750 | 12099 |

പകർച്ച വ്യാധികളും ദുരന്തങ്ങളും അനുദിനം വർദ്ധിച്ച് കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അശരണരായ ജനങ്ങൾക്ക് പഞ്ചായത്ത് വഴി നല്കുന്ന ചെറിയ സഹായം പോലും വലിയ മുതൽക്കൂട്ടാവുന്നതാണ്. ദുരിതാശ്വാസനിധി വഴി പഞ്ചായത്തിലെ ദുരിതമനുഭവിക്കുന്ന ഒട്ടനവധി കുടുംബങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. 2019-20സാമ്പത്തിക വർഷത്തിൽ നിരവധി കുടുംബങ്ങൾക്ക് ചികിത്സ സഹായമായി 40750 രൂപ ഈ അക്കൗണ്ടിൽ നിന്ന് നല്കിയിട്ടുണ്ട്. കൂടുതലും മാരകരോഗങ്ങളായ ക്യാൻസർ, ഹൃദയ സംബന്ധമായ രോഗങ്ങളുള്ളവർ എന്നിവർക്കാണ് ദുരിതാശ്വാസ നിധിയിൽ നിന്ന് തുക നല്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. തുടർന്നും ഇത്തരത്തിലുള്ള ജീവകാരുണ്യപ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 പകൽവീട് കെയർടേക്കറുടെ വേതനം – തനത് ഫണ്ടിലേക്ക് റീ ഫണ്ട് ചെയ്തിട്ടില്ല.

പഞ്ചായത്തിന്റെ 29-4-2019 ലെ സാധാരണ യോഗത്തിലെ 2-ാം നം. തീരുമാനപ്രകാരം 2019-20 വാർഷിക പദ്ധതിയിൽ എെ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത പ്രോജക്റ്റ് നം.12/20 പകൽ വീട് തുടർപ്രവർത്തനങ്ങൾ എന്ന പദ്ധതി വെറ്റിംഗ് നടപടികൾ പൂർത്തീകരിച്ച് നിർവ്വഹണ യോഗ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ കെയർടേക്കറുടെ വേതനം നല്കാൻ കഴിയാത്ത സാഹചര്യമുള്ളതായി കമ്മിറ്റി വിലയിരുത്തുകയും പദ്ധതി തുക ലഭ്യമല്ലാത്ത സാഹചര്യത്തിൽ 2019 മാർച്ച്, ഏപ്രിൽ, എന്നീ 2 മാസത്തെ വേതനമായ11500 രൂപ താല്ക്കാലികമായി തനതുഫണ്ടിൽ നിന്നും നല്കുന്നതിനും പദ്ധതി തുക ലഭ്യമാകുന്ന മുറയ്ക്ക് ടി തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനും തീരുമാനമെടുത്തിരുന്നു. (ചെലവ് വിവരം, ചെക്ക് നം. 804839 - 9.5.19 തുക – 11500). ടി തീരുമാനപ്രകാരം കെയർടേക്കറുടെ വേതനതുക 11500/- രൂപ തനത് ഫണ്ടിൽനിന്നും നല്കുകയും ചെയ്തിട്ടുണ്ട്. ടി തുക തനത് ഫണ്ടിലേക്ക് റീ ക്ലൂപ്പ് ചെയ്തതിന്റെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി(നം. 8, തീ.17-12-2021 )യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ടി തുക റീ ഫണ്ട് ചെയ്തിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ടി തുക തനത് ഫണ്ടിലേക്ക് റീ ഫണ്ട് ചെയ്ത് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-16 കിണർ നിർമ്മാണം - പെർമിറ്റ് എടുക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ 2019-20 ൽ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ 8 കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 75 (1) പ്രകാരം സെക്രട്ടറിയുടെ അനുവാദമില്ലാതെ പുതിയ കിണർ കുഴിക്കാൻ പാടുള്ളതല്ല. കിണർ കുഴിക്കുന്നതിന് ചട്ടം 75 (4) പ്രകാരം അപേക്ഷാ ഫീസും പെർമിറ്റ് ഫീസും അടവാക്കേണ്ടതാണ്. എന്നാൽ മേൽ പറഞ്ഞ 8 കിണർ നിർമ്മാണങ്ങളിൽ ഇപ്രകാരം പെർമിറ്റ് എടുത്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ചട്ടപ്രകാരം പെർമിറ്റ് എടുത്തതിന്റെ രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 13.12.2021 ൽ ഓഡിറ്റ് എൻക്വയറി നൽകി ( നം 1). എൻക്വയറിക്ക് 15.12.2021 ൽ നൽകിയ HC 1021/2021 നം മറുപടിയിൽ പെർമിറ്റ് എടുത്തിട്ടില്ല എന്നറിയിച്ചു. വരും വർഷങ്ങളിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി -കൃത്യമായ രീതിയിൽ ഡിമാന്റ് ചെയ്യപ്പെടുന്നില്ല

ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 204 പ്രകാരം ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി (രണ്ട് അർദ്ധവർഷങ്ങളിലെയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 7/19-20 | പി സി ജെയിംസ് | പിട്ടാപ്പിള്ളിൽ ഗ്രാനൈറ്റ്സ് (ക്രഷർ) | 7 |

| | | | | |
|---|---|---|---|---|
| 2 | 14/19-20 | പി എസ് നജീബ് | പുന്നേക്കോട്ടയിൽ ഗ്രാനൈറ്റ്സ് (ക്രഷർ) | 3 |
| 3 | 21/19-20 | പി പി മൈതീൻ | പ്രിൻസ് പ്ലൈവുഡ് | 25 |
| 4 | 22/19-20 | ഇക്ബാൽ കെ എം | അടിവാട് പ്ലാസ്റ്റിക്സ് | 5 |
| 5 | 23/19-20 | പോൾ മാത്യു | ഇലഞ്ഞിക്കൽ ഇൻഡസ്ട്രീസ് | 6 |
| 6 | 26/19-20 | കെ കെ മുഹമ്മദ് | കെ കെ എം പ്ലാസ്റ്റിക്സ് | 5 |
| 7 | 29/19-20 | ബിന്ദു എൻ പി | ഹോം ലൈൻ ഏജൻസീസ് | 3 |
| 8 | 32/19-20 | ഗീത ജീജോ | കളർ ത്രെഡ്സ് | 3 |
| 9 | 38/19-20 | പി എം ബഷീർ | പാലക്കാടൻ പ്ലൈവുഡ് | 18 |
| 10 | 41/19-20 | അമൽദേവ് ടോണി | ഐസിംഗ് ബേക്കറി പ്രൊഡക്ഷൻ യൂണിറ്റ് | 9 |
| 11 | 42/19-20 | ജോർജ് ജോസഫ് | ഹൈ സെം ഹോളോബ്രിക്സ് | 3 |
| 12 | 66/19-20 | യൂസഫ് മുഹമ്മദ് | കുഞ്ചാട്ട് ഫർണിച്ചർ | 10 |
| 13 | 69/19-20 | ബിജോ റ്റി ജേക്കബ് | റോയൽ കാറ്ററിംഗ് | 5 |
| 14 | 70/19-20 | എം എ സകരിയ | സിറാജ് പ്ലൈവുഡ് | 6 |
| 15 | 138/19-20 | സിദ്ധിക് കെ കെ | കെ കെ എസ് പ്ലൈവുഡ് | 7 |

മേൽ പരാമർശിച്ചിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻ.നം.4/17.12.2021), പ്രസ്തുത സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനായി ടി വ്യക്തികൾക്ക് കത്ത് നൽകുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-18 വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം - പദ്ധതി നിർവഹണത്തിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി എച്ച്.എം. ഗവ.എൽ.പി.സ്കൂൾ ഇളങ്ങവം നടപ്പിലാക്കിയ യോഗ പരിശീലന പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ ഗവ.എൽ.പി.എസ്. ഇളങ്ങവം, ഗവ.എൽ.പി.എസ് വാരപ്പെട്ടി, ഗവ.എൽ.പി.എസ്. കോഴിപ്പിള്ളി എന്നീ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി 2019 മാർച്ച് മാസത്തിൽ 30 ദിവസത്തെ യോഗ പരിശീലനം നടത്തിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി 10500/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ഭാഗം 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-19 ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്കായി ലഭ്യമായിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തിൽ എച്ച്.എം.ഗവ.എൽ.പി സ്കൂൾ ഇളങ്ങവം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 213/19-20 | സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ (എസ്.സി) | 18 |

മേൽ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്കായി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/16.12.21) മറുപടി ലഭ്യമായിട്ടില്ല. ആയതിന്റെ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

### 1-20 ഓഡിറ്റ് ഇംപാക്ട്

2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (എൻക്വയറി നം.4/ 17.12.2021) അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുകയായ 7100/- രൂപ ചുവടെ കൊടുത്തിരിക്കുന്ന രസീതുകൾ പ്രകാരം ഈടാക്കിയിട്ടുണ്ട്.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | തുക / രസീത് നം. / തീയതി |
|---|---|---|---|---|
| 1 | 16/19-20 | വി കെ ജനാർദ്ദനൻ നായർ | മന വിഷ്ണു ഗ്രാനൈറ്റ്സ് (ഒന്നാം അർദ്ധവർഷം) | 3550/-, 1210101372, 17.12.2021 |
| 2 | 16/19-20 | വി കെ ജനാർദ്ദനൻ നായർ | മന വിഷ്ണു ഗ്രാനൈറ്റ്സ് (രണ്ടാം അർദ്ധവർഷം) | 3550/-, 1210101373, 17.12.2021 |
| | | | ആകെ | 7100/- |

### 1-21 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല. 2015-16 മുതലുള്ള ഡെപ്പോസിറ്റ് തുകകളുടെ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തിരികെ നൽകിയ തുകകളുടേയും റീക്ലപ്പ് ചെയ്തതിന്റേയും വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം- പദ്ധതി നിർവഹണത്തിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി എച്ച്.എം. ഗവ. എൽ.പി സ്കൂൾ ഇളങ്ങവം നടപ്പിലാക്കിയ യോഗ പരിശീലന പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എച്ച്.എം ഗവ. എൽ.പി സ്കൂൾ ഇളങ്ങവം |
| പ്രോജക്ട് നമ്പർ | 130/19-20 |
| അടങ്കൽ | 22500/-(വികസന ഫണ്ട് ജനറൽ) |
| ചെലവ് | 22500/- |
| ബിൽ നം./തീയതി | 1/19-20 തീയതി 16.7.19 |

മേൽ പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ ഗവ.എൽ.പി.എസ് ഇളങ്ങവം (1.3.19, 5.3.19, 7.319, 8.3.19, 12.3.19, 14.3.19, 18.3.19, 20.3.19, 22.3.19, 26.3.19), ഗവ.എൽ.പി.എസ് വാരപ്പെട്ടി (1.3.19, 7.3.19, 8.3.19, 11.3.19, 15.3.19, 19.3.19, 21.3.19, 25.3.19, 27.3.19, 28.3.19), ഗവ.എൽ.പി.എസ് കോഴിപ്പിള്ളി (5.3.19, 11.3.19, 13.3.19, 15.3.19, 19.3.19, 21.3.19, 25.3.19, 27.3.19, 28.3.19, 29.3.19) എന്നീ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി 2019 മാർച്ച് മാസത്തിൽ മേൽ പറഞ്ഞ പ്രകാരം 30 ദിവസത്തെ യോഗ പരിശീലനം നടത്തിയിട്ടുണ്ട്. വാരപ്പെട്ടി ഗ്രാമ പഞ്ചായത്തിന്റെ 5.11.2018 ലെ 5(4)ാം കമ്മറ്റി തീരുമാന പ്രകാരം

പരിശീലകയായ ശ്രീമതി.രേഖ ഷിബു, നെല്ലിപ്പിള്ളിൽ എന്ന വ്യക്തിക്ക് ഒരു ദിവസത്തെ ക്ലാസിന് 750/- രൂപ നിരക്കിൽ ക്വട്ടേഷൻ അംഗീകരിച്ചു നൽകിയിട്ടുണ്ട്. മേൽ പറഞ്ഞ സ്കൂളുകളിൽ 30 ദിവസത്തെ യോഗ ക്ലാസ്സ് എടുത്തതിന് യോഗ പരിശീലകയായ ശ്രീമതി.രേഖ ഷിബുവിന് 22500/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ സ.ഉ.(കൈ)നം.22/2018 തസ്വഭവ തീയതി 14.2.2018 ഖണ്ഡിക 7.5.5 പ്രകാരം യോഗ പരിശീലനത്തിന് ഒരു സെഷന് 400/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 12000/- രൂപയാണ് അനുവദനീയമായിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി 10500/- രൂപ അധികം നൽകിയതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/16.12.21)മറുപടി ലഭ്യമായിട്ടില്ല. അധികം നൽകിയ 10500/- രൂപ തിരികെ ഈടാക്കി പഞ്ചായത്തുഫണ്ടിൽ അടവാക്കി രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര്/ നം. | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | ക്ഷീരകർഷകർക്ക് ഇൻസന്റീവ്, (53/19-20) | 300000 |
| | | 250000 | വികലാംഗർക്കുള്ള സ്കോളർഷിപ്പ്, (9/19-20) | 250000 |
| | ആകെ | 550000 | | 550000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | ക്ഷീരകർഷകർക്ക് ഇൻസന്റീവ്, (53/19-20) | 100000 |
| | | 4988000 | ലൈഫ് പദ്ധതി-ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (187/19-20) | 4988000 |
| | | 289000 | സമഗ്ര നെൽകൃഷി വികസനം, (13/19-20) | 289000 |
| | | 1600000 | ലൈഫ് ഭവന പദ്ധതി (ജനറൽ) (64/19-20) | 1600000 |
| | | 197325 | വികലാംഗർക്കുള്ള സ്കോളർഷിപ്പ് (9/19-20) | 197325 |
| | ആകെ | 7174325 | | 7174325 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നം. 125/19-20 89,96,99,106 നമ്പർ അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ | | 111870 | 0 | 111870 |

| | | | | | |
|---|---|---|---|---|---|
| | പ്രോജക്ട് നം. 191/19-20 102-ാം നമ്പർ അങ്കണവാടിക്കും, പകൽവീടിനും കുടിവെള്ള കണക്ഷൻ | | 23847 | 0 | 23847 |
| ആകെ | | | 135717 | | 135717 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4147097/-രൂപ വരവുണ്ട്. 2019-20 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | ജി.ഒ. (എം.എസ്) 530/2010 ത.സ്വ.ഭ.വ തീയതി 18.02.2010 | 6316875 | 662323 | 662323 | 0 | - |
| ലൈഫ് ഭവന നിർമ്മാണം | ജി.ഒ. (എം.എസ്) 111/2018 ത.സ്വ.ഭ.വ തീയതി 18.05.2018 | 8899500 | 7772403 | 808824 | 0 | 11110676 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച 46655രൂപയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തിയ്യതി |
|---|---|---|---|---|
| 2017-18 | 2-2(1) | 23328 | മാർത്തോമാ സിറിയൻ ചർച്ച് | 119040102059/12.11.2019 |
| | | 23327 | | 119040102059/30.12.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികൾ

ഓഡിറ്റ് വർഷത്തിൽ ഈ ഇനത്തിൽ വരവില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50772551 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49674132 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10500 |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 0 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2019-20 | 3-1 | ശ്രീ പി അലിയാർ ഹെഡ്മാസ്റ്റർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ പി അലിയാർ | ഹെഡ്മാസ്റ്റർ | പാലിയത്ത് ഹൗസ്, മൈലൂർ, പല്ലാരിമംഗലം പി ഒ- 686671 |

.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കുന്നതിന് അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | | | |
| 2000-01 | എൽ.എഫ്.ഇ(പി1)1318/2009 തീ. 16.02.02 | 3 | |
| 2001-02 | എൽ.എഫ്.ഇ(പി1)862/2003 തീ. 14.11.2003 | | |
| 2002-03 | എൽ.എഫ്.ഇ(പി1)284/20005 തീ. 15.11.2005 | 2 | |
| 2003-2004 | എൽ.എഫ്.ഇ(പി7)1442/2008 തീ. 8.4.09 | 4 | |
| 2006-2007 | എൽ.എഫ്.ഇ(പി7)1445/2008 തീ. 8.4.09 | 2 | |
| 2008-2009 | എൽ.എഫ്.ഇ(പി7)851/2012 തീ. 12.7.12 | 1 | |
| 2009-2010 | എൽ.എഫ്.ഇ(പി7)296/2011 തീ.12.7.12 | 1 | |
| 2010-2011 | എൽ.എഫ്.ഇ(പി7)852/2012 തീ. 12.7.12 | 3 | |
| 2011-12&12-13 | എൽ.എഫ്.ഇ(പി7)1351/2014 തീ.12.12.2014 | 2 | |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി7)42/17 തീ. 21.5.16 | 11 | |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി7)1855/17 തീ. 28.11.17 | 9 | |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി7)145/19 തീ. 05.3.19 | 10 | |
| 2018-19 | കെ.എസ്.എ/ഇ.കെ.എം(പി.7) 262/2020 | | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്